ഭരണഭാഷ — മാതൃഭാഷ

നമ്പർ.ജി.5/25019/റ്റി.സി./2017

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,28,03.2017.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,

തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**— റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് അവധി അനുവദിക്കുന്നത് — നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ബഹു. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ക്യാമ്പിൽ നിന്നുമുള്ള 06.03.2017 തീയതിയായ 31/ക്യാമ്പ്/റ്റി.സി./2016 നമ്പർ കുറിപ്പ്.

2 ജി.3/ഇ-17833/2016/റ്റി.സി. നമ്പരായി 21.12.2016-ൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ.

മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ 25.02.2017-ൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ഒരേ സമയം അവധിയിലായതിനെ തുടർന്ന് പൊതുജനങ്ങൾക്ക് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നൽകേണ്ടതായ പെർമിറ്റ് സംബന്ധമായ സേവനങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ടായതായി പരാതികൾ ലഭിക്കുകയുണ്ടായി.

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനോടൊപ്പം ഒരേ സമയം ഒന്നാം മേലധികാരിയും രണ്ടാം മേലധികാരിയും അവധിയിൽ പ്രവേശിക്കേണ്ട സാഹചര്യമുണ്ടായാൽ മേലധികാരികളെ മുൻകൂട്ടി വിവരം അറിയിച്ച്, പകരക്കാരെ നിയോഗിച്ചുകൊണ്ട് ഉത്തരവാകേണ്ടതാണ്. ബദൽ സംവിധാനം ഏർപ്പെടുത്തിയെന്നും ആയത് ഓഫീസ് പ്രവർത്തനത്തിന് പര്യാപ്തമാണെന്നും ലീവിൽ പ്രവേശിക്കുന്നയാൾ ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.

കെ.എസ്